**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4314.

03.02.2014-ലെ മറുപടിയ്ക്ക്

## ഏറനാട് ആഢ്യൻപാറ ടൂറിസം വികസനം.

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.കെ.ബഷീർ | | **ശ്രീ.എ.പി.അനിൽകുമാർ**<br>(ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) മലപ്പുറം ജില്ലയിൽ ഏതെല്ലാം ടൂറിസം പദ്ധതികളാണ് പുതുതായി പരിഗണനയിലുള്ളത്; | (എ) | നടപ്പു സാമ്പത്തിക വർഷം മലപ്പുറം ജില്ലയിൽ പതിനൊന്നോളം പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനു പുറമേ ചില പദ്ധതികൾ പരിഗണനയിലുമുണ്ട്. |
| (ബി) ഏറനാട് മണ്ഡലത്തിലെ ആഢ്യൻപാറ ടൂറിസം കേന്ദ്രത്തിന്റെ വികസനത്തിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് തടസ്സമെന്നും വ്യക്തമാക്കാമോ? | (ബി) | ഏറനാട് മണ്ഡലത്തിലെ ആഢ്യൻപാറ ടൂറിസം കേന്ദ്രത്തിന്റെ വികസനത്തിനായി ഗവൺമെന്റ് 94,09,678/- രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത പദ്ധതിയിൽ പ്രധാനമായും ഫെസിലിറ്റേഷൻ സെന്റർ, ഇക്കോഷോപ്പ്, വെട്ടുകല്ലു കൊണ്ടുള്ള നടപ്പാത, സംരക്ഷണ ഭിത്തികൾ, സംരക്ഷണവേലി, ഇരിപ്പിടങ്ങൾ മുതലായവ ഉൾപ്പെടുന്നു. പദ്ധതി നടത്തിപ്പിനായി ഏൽപ്പിച്ച സിഡ്കോയുടെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതിനാൽ നിർമ്മിതി കേന്ദ്രത്തിന് പദ്ധതി നടത്തിപ്പ് കൈമാറി ഈ വർഷം ഏപ്രിൽ മാസത്തോടുകൂടി പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ